പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ വാറ്റ് സമ്പ്രദായം നടപ്പിലാക്കാൻ നടപടി

*29 [59] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് സമ്പ്രദായം എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതുമൂലം കേരളത്തിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാര്യം സംബന്ധിച്ച എന്തെങ്കിലും ധാരണ കേന്ദ്രവുമായി ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വാറ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) വാറ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ വിവിധ ഇനം നികുതി ചുമത്തുന്നത് സംബന്ധിച്ച് ധനമന്ത്രിമാരുടെ സമ്മേളനത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) 1-4-2005 മുതൽ.

(ബി) ഉണ്ട്. ആദ്യവർഷം ഉദ്ദേശം 840 കോടി രൂപയുടെ വരുമാന നഷ്ടം കണക്കാക്കുന്നു.

(സി ആന്റ് ഡി) ഉണ്ട്. ഒന്നാം വർഷം 100 ശതമാനം രണ്ടാം വർഷം 75 ശതമാനം, മൂന്നാം വർഷം 50 ശതമാനം എന്നീ നിരക്കിലാണ് നഷ്ടം നികത്താൻ ധാരണയുള്ളത്.

(ഇ) വാറ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ വിവിധ വസ്തുക്കൾ അഞ്ച് പട്ടികകളായി ഉൾപ്പെടുത്തി നികുതി ചുമത്തപ്പെടുന്നത് താഴെ പറയും പ്രകാരമാണ്:

പട്ടിക 1—നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട വസ്തുക്കൾ

പട്ടിക 2—1 ശതമാനം നികുതി ചുമത്തപ്പെടുന്ന വസ്തുക്കൾ

പട്ടിക 3—4 ശതമാനം നികുതി ചുമത്തപ്പെടുന്നവ

പട്ടിക 4—വാറ്റിന്റെ പരിധിയിൽപ്പെടാത്ത വസ്തുക്കൾ

മേൽപ്പറഞ്ഞ പട്ടികകളിലൊന്നിലുംപെടാത്ത വസ്തുക്കൾക്ക് വാറ്റ് നിയമത്തിന്റെ 6-ാം സെക്ഷൻ പ്രകാരം റവന്യൂ ന്യൂട്രൽ റേറ്റായ 12.5 ശതമാനം നികുതി ചുമത്തപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly